**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 651** **28-01-2026 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2016 മെയ് മാസം മുതൽ 2021 ഏപ്രിൽ മാസം വരെയും 2021 മെയ് മാസം മുതൽ നാളിതുവരെയും വ്യവസായ വകുപ്പ് ചാത്തന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്നും ആയതിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | 2016 മെയ് മാസം മുതൽ 2021 ഏപ്രിൽ മാസം വരെയും 2021 മെയ് മാസം മുതൽ നാളിതുവരെയും വ്യവസായ വകുപ്പ് ചാത്തന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.<br><br>നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി - 63,53,000/- രൂപ<br><br>ഒരു കുടുംബം ഒരു സംരംഭം പദ്ധതി - 4,29,636/- രൂപ<br><br>വ്യവസായ ഭദ്രതാ പദ്ധതി - 1,12,989/- രൂപ<br><br>സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ ഇൻഷ്വറൻസ് പദ്ധതി - 22,338/- രൂപ.<br><br>സംരംഭക സഹായ പദ്ധതി - 2,53,01,027/- രൂപ<br><br>സംരംഭക ബോധവത്കരണ പദ്ധതി - 53,000/-<br><br>പൊതു ബോധവത്കരണ പദ്ധതി - 75,000/-<br><br>ലോൺ ലൈസൻസ് മേള – 75,000/- |
| (ബി) | മേൽപ്പറഞ്ഞ കാലയളവിൽ ചാത്തന്നൂർ മണ്ഡലത്തിൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ എന്തെല്ലാമെന്നും ആയതു വഴി എത്രപേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | മേൽപ്പറഞ്ഞ കാലയളവിൽ ചാത്തന്നൂർ മണ്ഡലത്തിൽ 3529 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 8000 പേർക്ക് ഇതുവഴി തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | ചാത്തന്നൂർ വഞ്ചി ക്ലേ മൈൻസിലെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി നിലവിൽ വ്യവസായ ആവശ്യങ്ങൾക്കായി നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്തെല്ലാം വ്യവസായ ആവശ്യങ്ങൾക്കാണ് നൽകിയിട്ടുള്ളതെന്നും അതുവഴി വ്യവസായ വകുപ്പിന് ലഭിക്കുന്ന വരുമാനം സംബന്ധിച്ചും വിശദമാക്കാമോ? | (സി) | മെ. കേരള എഡ്യൂക്കേഷണൽ ഡവലപ്പ്മെന്റ് & എംപ്ലോയ്മെന്റ് സൊസൈറ്റിയ്ക്ക് 1.5 ഏക്കർ ഭൂമി സോഫിസ്റ്റിക്കേറ്റഡ് പേപ്പർ നിർമ്മാണത്തിനായും, മെ. ലാൻസെറ്റ് ഗ്ലാസ്സ് ഇൻഡ്യ പ്രൈ. ലിമിറ്റഡിന് 1.0844 ഏക്കർ ഭൂമി Toughened Glass നിർമ്മാണത്തിനായും അനുവദിച്ചു നല്കിയിട്ടുണ്ട്. പ്രസ്തുത ഭൂമി യൂണിറ്റുകൾക്ക് അനുവദിച്ചു നൽകുമ്പോൾ |

| | | | |
|---|---|---|---|
| | | | അടയ്ക്കുന്ന ലാന്റ് വാല്യൂ ആണ് സർക്കാരിന്റെ വരുമാനം. |

സെക്ഷൻ ഓഫീസർ